**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലഹരി സംബന്ധിച്ച നിയമങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. ടി. ജെ. വിനോദ്, ശ്രീമതി കെ. കെ. രമ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി സംബന്ധിച്ച നിയമവ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് നിരപരാധികളെ അറസ്റ്റ് ചെയ്ത് ജയിലിലാക്കുന്ന സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | ചാലക്കുടിയിലുള്ള ബ്യൂട്ടീഷ്യനായ സ്ത്രീയെ ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ എഴുപത്തിയൊന്ന് ദിവസം ജയിലിൽ ഇട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ വ്യാജ പരാതി നൽകിയ വ്യക്തിയെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത സംഭവത്തിൽ പരാതി നൽകിയ വ്യക്തിയെ കണ്ടെത്തിയിട്ടില്ല. കേസിന്റെ അന്വേഷണം എക്സൈസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. എക്സൈസ് ക്രൈംബ്രാഞ്ച് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| (സി) | എൽ.എസ്.ഡി. സ്റ്റാംപ് എന്ന് പറഞ്ഞ് ടിയാളിൽ നിന്ന് എക്സൈസ് പിടിച്ചെടുത്തത് കടലാസ് കഷണങ്ങൾ ആണെന്ന് ലാബ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇല്ല. ലാബ് പരിശോധനയിൽ, പിടിച്ചെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കിയ എൽ.എസ്.ഡി. സ്റ്റാമ്പിൽ പരിശോധന സമയത്ത് മയക്കുമരുന്നിന്റെ അംശം നെഗറ്റീവ് ആണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) | മയക്കുമരുന്ന് കേസുകളിൽ അറസ്റ്റ് ചെയ്യുമ്പോൾ പ്രാഥമികമായ അന്വേഷണം നടത്താൻ സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിലേർപ്പെടുന്ന കുറ്റവാളികളെ കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥർക്ക് അബോൺ കിറ്റുകൾ ലഭ്യമാക്കി വരുന്നു. പിടിച്ചെടുക്കുന്ന വസ്തു മയക്കുമരുന്നാണെന്ന് പ്രാഥമികമായി ഉറപ്പു വരുത്തുന്നതിന് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ ഫീൽഡ് യൂണിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയിലൂടെ മാത്രമേ പിടിച്ചെടുത്ത തൊണ്ടി മയക്കുമരുന്നാണെന്ന് ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്യപ്പെടുന്ന പ്രതികളുടെ ഫോൺ കോൾ ഡീറ്റയിൽസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പോലീസ് സൈബർസെല്ലിന്റെ സഹായത്തോടുകൂടി |

| | | | |
|---|---|---|---|
| | | | എക്സൈസ് ആസ്ഥാനത്ത് ഒരു സൈബർ യൂണിറ്റും, ജില്ലകളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സൈബർസെൽ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർക്ക് മയക്കുമരുന്ന് പരിശോധനകളുമായി ബന്ധപ്പെട്ട് എക്സൈസ് അക്കാദമിയിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥരിൽ ആദ്യ രണ്ട് ബാച്ചുകളിലായി 67 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സെപ്തംബർ മാസം 3 ബാച്ചുകളിലായി 120 പേർക്ക് കൂടി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെമിക്കൽ ലാബിൽ നിന്നും രാസപരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ